
# പാഠം 7

ഥ എന്ന അക്ഷരമാണ് നാം ഇനി പഠിക്കുന്നത്.
മഞ്ഞ് കാണാത്തവരാരും നമ്മുടെ കൂട്ടത്തിലുണ്ടാകില്ല. ആ നാമം എല്ലാവർക്കും സുപരിചിതമാണ്. പല ഭാഷകളിലും പല നാമങ്ങളാണ് അതിനുള്ളത്. അറബിയിൽ മഞ്ഞിന് **ഥൽജ്** എന്നു പറയുന്നു. ഥൽജ് എന്നാൽ മഞ്ഞ് എന്നർഥം. ഥൽജ് എന്ന വാക്ക് നല്ലതുപോലെ മനസ്സിലുറപ്പിച്ച ശേഷം അത് എഴുതുക. ഐസിനും അറബിയിൽ ഥൽജ് എന്നു പറയാറുണ്ട്.



| ثَلْجْ | ഥൽജ് ثَلْجْ | جْ | لْ | ثَ |
|---|---|---|---|---|
| എഴുതുന്ന രൂപം | **മഞ്ഞ്** | **ജ്** | **ൽ** | **ഥ** |

ഈ വാക്ക് പല ആവർത്തി പറയുകയും എഴുതുകയും ചെയ്യുക. കാണാതെ എഴുതാൻ ശീലിക്കുക.

**<u>നിയമം:</u>** ഥ എന്ന അക്ഷരം മലയാളത്തിൽ കഥ എന്നു പറയുന്ന തരത്തിലുള്ള ഥയല്ല. നാവിന്റെ അറ്റം മേലെ വരി പല്ലിന്റെ താഴെ തൊട്ടു തൊട്ടില്ല എന്ന രീതിയിൽ വെച്ച് നാവിനും പല്ലിനും ഇടയിലൂടെ കാറ്റ് പോകത്തക്കവിധമാണ് ഉച്ചരിക്കേണ്ടത്.

---

കുറുക്കനെ കാണാത്തവരും കേൾക്കാത്തവരും നമ്മിൽ ആരുമുണ്ടാകില്ല. നാട്ടിൽ അത് സുലഭമാണല്ലോ. കുറുക്കന് **ഥഅ്ലബ്** എന്നാണ് അറബിയിൽ പറയുക. ഥഅ്ലബ് എന്നാൽ കുറുക്കൻ എന്ന് ആവർത്തിച്ച് പറയുക. ആ വാക്കുമായി പരിചയപ്പെട്ടാൽ അത് എഴുതുക.



| ثَعْلَبْ | ثَعْلَبْ ഥഅ്ലബ് | بْ | لَ | عْ | ثَ |
|---|---|---|---|---|---|
| എഴുതുന്ന രൂപം | കുറുക്കൻ | **ബ്** | **ല** | **അ്** | **ഥ** |

ഈ വാക്ക് പലതവണ എഴുതുക. കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.

**<u>നിയമം:</u>** ഒന്നാമത്തെ അക്ഷരത്തിന് നേരത്തെ പറഞ്ഞ നിയമം ബാധകമാണ്. രണ്ടാമത്തെ അക്ഷരം അ് എന്നാണ് എഴുതിയിട്ടുള്ളത്. മലയാളത്തിൽ അ് എന്ന് ഉച്ചരിക്കുന്ന രീതിയിലല്ല അതുച്ചരിക്കേണ്ടത്. തൊണ്ടയുടെ അങ്ങേ അറ്റത്തുനിന്നാണ് അത് ഉച്ചരിക്കേണ്ടത്.

---

ഈ പാഠത്തിൽ പഠിച്ച വാക്കുകൾ കൂട്ടിയെഴുതുന്ന രീതി:

| | | |
|---|---|---|
| **ഥൽജ്** | ثَـلْـجْ | ثَ لْ جْ |
| **ഥഅ്ലബ്** | ثَـعْـلَـبْ | ثَ عْ لَ بْ |

ഇതുവരെ പഠിച്ച അക്ഷരങ്ങൾ എഴുതുന്ന രീതി:



**പരിശീലനം:**
കളിക്ക് ലഅബ് എന്നാണ് അറബിയിൽ പറയുന്നത്. അതിനുള്ള അക്ഷരങ്ങൾ നിങ്ങൾ ഇപ്പോൾ പഠിച്ചു. അത് എഴുതുക.